നമ്പർ. 13400/പാർല/2019/നിയമം

നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5662 02.07.2019 - ൽ മറുപടിക്ക്

**ഭരണഘടനയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ നടപടി**

ചോദ്യം

മറുപടി

ശ്രീ.പി.സി. ജോർജ്

ശ്രീ. എ. കെ. ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കായിഭരണഘടനയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ നിയമവകുപ്പ് എന്തൊക്കെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയിലും അനുബന്ധ സ്ഥാപനങ്ങളിലും ഭരണഘടന സാക്ഷരത ജനകീയമാകുന്നതിലേയ്ക്കായി ഭരണ ഘടനാ തത്വങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമ പാഠം എന്ന പുസ്തകം കേരളത്തിലെ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായി സൗജന്യമായി നൽകുകയും ഈ പുസ്തകത്തിനെ ആസ്പദമാക്കി ക്ലാസുകൾ എടുത്തുവരികയും, കൂടാതെ ഹയർസെക്കൻഡറി തലത്തിൽ ടി പുസ്തകത്തിനെ ആസ്പദമാക്കി ഒരു ക്വിസ് മത്സരം, സ്കൂൾ, താലൂക്ക്, ജില്ലാ സംസ്ഥാനതലത്തിൽ നടത്തിവരികയും ചെയ്യുന്നു. ഭരണഘടന അനുശാസിക്കുന്ന പൗരധർമ്മങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലഘുലേഖ നിയമ സേവന സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തു വരുന്നു. |
| ബി) | സംസ്ഥാനത്തെ നിയമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഡോ. ബി. ആർ. അംബേദ്കറിന്റെ ചിത്രം സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളായ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റിയുടെ ഓഫീസിലും, കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയിലും അനുബന്ധ സ്ഥാപനങ്ങളിലും ഡോ. ബി. ആർ. അംബേദ്കറുടെ ചിത്രം സ്ഥാപിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) | ചിത്രം സ്ഥാപിച്ചിട്ടില്ലെങ്കിൽ എന്തു കൊണ്ട് സ്ഥാപിച്ചില്ലായെന്നറിയിക്കാമോ; വിശദ മാക്കാമോ; | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(എ.ആർ-13) വകുപ്പിന്റെ 22.10.2018 തീയതിയിലെ 449/എ.ആർ13(2)/18/ഉഭപവ നം. പരിപത്രം പ്രകാരം രാഷ്ട്രപിതാവിന്റെ ഒഴികെ മറ്റാരുടെയും ചിത്രം സർക്കാർ ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതില്ല. എന്നാൽ ഏതെങ്കിലും സർക്കാർ സ്ഥാപനം ഏതെങ്കിലും മഹത് വ്യക്തികളുടെ പേരിലാണ് അറിയപ്പെടുന്നതെങ്കിൽ, ആ വ്യക്തിയുടെ ഫോട്ടോ, വകുപ്പ് മേലധികാരിയുടെ അനുമതിയോടെ, ഓഫീസിൽ പ്രദർശിപ്പിക്കാവുന്നതാണ്. രാഷ്ട്രപിതാവിന്റേത് ഒഴികെയുള്ള ചിത്രങ്ങൾ പുരാവസ്തു വകുപ്പിലേക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 13) വകുപ്പിന്റെ പരിപത്രം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.) |
| ഡി) | നിയമവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ ഏത് വെബ്സൈറ്റിൽ ആണ് പോസ്റ്റ് ചെയ്യുന്നത്; വിശദമാക്കാമോ; നിയമവകുപ്പിന്റെ ഔദ്യോഗിക ഇ-മെയിൽ ഐ.ഡി. ലഭ്യമാക്കുമോ? | നിയമവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ നിയമവകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് ആയ www.keralalawsect.org ൽ ആണ് പോസ്റ്റ് ചെയ്യുന്നത്. പ്രസ്തുത സർക്കാർ ഉത്തരവുകൾ വെബ് സൈറ്റിലെ ഇംഗ്ലീഷ് ഓപ്ഷൻ ആണ് തെരഞ്ഞെടുക്കുന്നതെങ്കിൽ Government Orders എന്ന ടാബിലും മലയാളം ഓപ്ഷൻ ആണ് തെരഞ്ഞെടുക്കുന്നതെങ്കിൽ സർക്കാർ ഉത്തരവുകൾ എന്ന ടാബിലും ലഭ്യമാവുന്നതാണ്. secy.law@kerala.gov.in എന്നതാണ് നിയമവകുപ്പിന്റെ ഔദ്യോഗിക ഇ-മെയിൽ ഐ.ഡി. |

A.K. BALAN
Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs